# മഹാത്മാഗാന്ധി സർവ്വകലാശാല

എം.എസ്.ഡബ്ല്യു. പ്രവേശനമാനദണ്ഡം- അടിസ്ഥാന യോഗ്യതയായ ബിരുദത്തിന്റെ മാർക്ക് നിബന്ധന പരിഷ്കരിച്ച് ഉത്തരവാകുന്നു.

---

**അക്കാദമിക് ബി. 7 സെക്ഷൻ**

നം.5886/01/ബി. 7/ 2017 പ്രിയദർശിനി ഹിൽസ്, സെപ്തംബർ 28, 2017

---

പരാമർശം: 1) 2017 ഏപ്രിൽ 18 ൽ അസ്സോസിയേഷൻ ഓഫ് സ്കൂൾസ് ഓഫ് സോഷ്യൽ സയൻസ് ഭാരവാഹികൾ നൽകിയ നിവേദനം
2) 2017 ആഗസ്ത് 14 ന് കൂടിയ പ്രത്യേക അക്കാദമിക് കൗൺസിൽ യോഗത്തിന്റെ നടപടിക്കുറിപ്പിലെ (2017 ആഗസ്ത് 31ലെ സിൻഡിക്കേറ്റ് യോഗത്തിൽ സമർപ്പിക്കപ്പെട്ടത്) 65/എ.സി.17/17251 നമ്പറിലുള്ള തീരുമാനം

## ഉത്തരവ്

അഫിലിയേറ്റഡ് കോളജുകളിലെ എം.എസ്.ഡബ്ല്യു. പ്രവേശനത്തിന് നിലവിലുള്ള മാനദണ്ഡം ഏതെങ്കിലും ബിരുദപ്പരീക്ഷ കുറഞ്ഞത് 50 ശതമാനം മാർക്കോടെ പാസ്സായിരിക്കണമെന്നുള്ളതാണ്. പരാമർശം 1 ലെ നിവേദനത്തിൽ അസോസിയേഷൻ ഓഫ് സ്കൂൾസ് ഒഫ് സോഷ്യൽ വർക്ക് ഇൻ കേരളയുടെ ഭാരവാഹികൾ എം.എസ്.ഡബ്ല്യു. പ്രവേശനത്തിന് ബിരുദപ്പരീക്ഷയ്ക്ക് കുറഞ്ഞത് 50 ശതമാനമെന്ന നിബന്ധനയിൽ ഇളവ് വരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നു.

2017 ആഗസ്ത് 14 ന് കൂടിയ പ്രത്യേക അക്കാദമിക് കൗൺസിൽ യോഗം മുകളിൽ സൂചിപ്പിച്ച നിവേദനം പരിശോധിക്കുകയും 2018 അഡ്മിഷൻ മുതൽ എം.എസ്.ഡബ്ല്യു. പ്രോഗ്രാം പ്രവേശനത്തിനുള്ള മാർക്കിന്റെ ശതമാനനിബന്ധന സയൻസ് ബിരുദക്കാർക്ക് 50 ശതമാനമായി നിലനിർത്താനും സയൻസിതര ബിരുദക്കാർക്ക് 45 ശതമാനമായി കുറയ്ക്കുവാനും തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
സുനിൽബാബു കെ.
അസിസ്റ്റന്റ് രജിസ്ട്രാർ
(രജിസ്ട്രാർക്കുവേണ്ടി)

To

1. ഉത്തരവ് ബാധകമായ കോളജുകളിലെ പ്രിൻസിപ്പൽമാർ
2. വി.സി.യുടെയും പി.വി.സി.യുടെയും പി.എസ്.മാർ
3. രജിസ്ട്രാർ, എഫ്.ഒ., സി.ഇ. എന്നിവരുടെ പി.എ.മാർ
4. എ.സി.എ. 1 സെക്ഷൻ
5. കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ
6. കരുതൽ ഫയൽ/ ഫയൽ പകർപ്പ്/ റെക്കോർഡ് സെക്ഷൻ.

ഉത്തരവ് പ്രകാരം

സെക്ഷൻ ഓഫീസർ